# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 620** — **02-12-2014-ൽ മറുപടിക്ക്**

**'മെസ് സംഗമം'**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) 2003-ൽ കഴിഞ്ഞ സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെയും ഈ സർക്കാർ നടത്തിയ എമർജിംഗ് കേരളയിലൂടെയും എന്ത് തുകയുടെ നിക്ഷേപം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഈ രണ്ട് പരിപാടികളിലൂടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനായി എന്ന് വിശദമാക്കാമോ ; | (എ) & (ബി) | വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദ പരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കാനാണ് 2003ൽ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തിയത്, ഈ സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ എം.ഒ.യു. ഒപ്പു വയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏകദേശം 339.70 കോടി രൂപ മുതൽമുടക്ക് വരുന്ന 19 പദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.<br><br>2012ൽ കൊച്ചിയിൽ നടന്ന 'എമർജിംഗ് കേരള' സംഗമം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിച്ചത്. എമർജിങ്ങ് കേരള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജിം, എമർജിംഗ് കേരള തുടങ്ങിയ സംരംഭങ്ങൾ പ്രഹസനമാകുന്നതായും അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ നിലനിൽക്കുകയും ചെയ്യവേ, ഇപ്പോൾ നടത്തിയ യെസ് സംഗമത്തിന്റെ ഗതി യെക്കുറിച്ചുയർന്ന ആശങ്ക സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | (സി) | യങ്ങ് എന്റർപ്രണർ സമ്മിറ്റ് ഒരു നിക്ഷേപ സമാഹരണ പദ്ധതിയായിരുന്നില്ല. ചെറുപ്പ ക്കാരുടെ ഇടയിൽ സംരംഭകത്വം വളർത്തി യെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് 'യെസ്'. സംഘടിപ്പിച്ചത്. മികച്ച സ്റ്റാർട്ട് അപ്പ് പ്രൊപ്പോസലുകൾക്ക് സംഗമത്തിൽ വച്ച് അവാർഡും നൽകുകയുണ്ടായി. യെസ് സമ്മിറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ബിസിനസ് ഇൻകുബേറ്റ റുകൾ സ്ഥാപിച്ച് പുതിയ സംരംഭങ്ങൾ വരുന്നതിലേയ്ക്കായി നടപടിയും എടുത്തു വരുന്നു. കൂടാതെ, സീഡ് ഫണ്ട് സപ്പോർട്ട് നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്. 'യെസ് ' സംഗമം മൂലം സംസ്ഥാനത്ത് കൂടുതൽ പുതിയ സംരംഭങ്ങൾക്ക് രൂപം നൽകുവാൻ സാധിയ്ക്കുമെന്നത് ഒരു നേട്ടമാണ്. ഇതിന്റെ തുടർനടപടികളാണ് ഇനിയും സ്വീകരി ക്കേണ്ടത്. |
| (ഡി) | യെസ് സംഗമം സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായി എന്ന് വിശദാംശം സഹിതം വിശദമാക്കുമോ ? | (ഡി) | യെസ് സംഗമത്തിനായി നാളിതു വരെ ചിലവാക്കിയ തുക 169.00 ലക്ഷം രൂപയാണ്. വിശദവിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്